കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ/സി.10/885/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in,
ഫോൺ: 0497 2707698
തീയതി: 18.11.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തില്ലങ്കേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-18,1-32 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ/സി.10/885/2020 തിയതി: 18.11.2020

# കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 02.09.2018 മുതൽ 31.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറികൾക്ക് സമർപ്പിച്ചിട്ടുള്ള മറുപടികൾ പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07-10-2020 മുതൽ 16-10-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനൂപ്.കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി .പി സുഭാഷ് | 1-4-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി.മഞ്ജുഷ. പി.എൻ | 1-4-2018 മുതൽ 03-07-2018 വരെ |
| | ശ്രീമതി.ലസിത കെ (അസി. സെക്രട്ടറി അധിക ചുമതല) | 04-7-2018 മുതൽ 15-07-2018 വരെ |
| | ശ്രീ.അജിത് കുമാർ ജി.വി | 16-7-2018 മുതൽ 31-03-2019 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മനോഹരൻ മാണിക്കോത്ത് | 01-04-2018മുതൽ 31-05-2018 വരെ |
| | ശ്രീ.താജുദീൻ എ | 01-06-2018മുതൽ 29-06-2018 വരെ |
| | ശ്രീ.ബിപിൻ ദേവ്യ | 30-06-2018മുതൽ 11-07-2018 വരെ |
| | ശ്രീ.ഇബിനു മസൂദ് | 12-07-2018 മുതൽ 15-10-2018 വരെ |
| | ശ്രീമതി.മഞ്ജുള പി വി | 16-10-2018 മുതൽ 12-11-2018 വരെ |
| | ശ്രീമതി.സുജ ഐപ് | 13-11-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അനുപമ കെ | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. | ശ്രീമതി.രേഷ്മ രവീന്ദ്രൻ | 01-04-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(PHC ) | ശ്രീമതി.അഭിയ കുര്യൻ | 01-04-2018മുതൽ 06-03-2019 വരെ |
| | ശ്രീ.രഞ്ജിത്ത് നടേഷ് | 07-03-2019മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീ.അനീഷ് കുമാർ കെ | 01-04-2018മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി.ദർശന യു | 01-04-2018മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സോണി പി ജെ | 01-04-2018മുതൽ |

| | | |
|---|---|---|
| | | 11-02-2019 വരെ |
| | ശ്രീമതി.ജിസ്മി അഗസ്റ്റിൻ | 12-02-2019മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പുരുഷോത്തമൻ | 01-04-2018മുതൽ 22-05-2018 വരെ |
| | ശ്രീ.ശശിധരൻ | 23-05-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ലസിത കെ എ | 01-04-2018മുതൽ 08-10-2018 വരെ |
| | ശ്രീ.ലതീഷ് ബാബു. | 09-10-2018മുതൽ 15-10-2018 വരെ |
| | ശ്രീ.രമേഷ് പി കെ | 16-10-2018മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി അപാകങ്ങൾ | 1-12 |
| 13 | ലൈസൻസ് അപാകങ്ങൾ | 1-13 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-14 |
| 15 | വാടക- അപാകങ്ങൾ | 1-15 |
| 16 | വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 1-16 |

| | | |
|---|---|---|
| 17 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ വികസനഫണ്ടിൽ നിന്നും വഹിക്കുന്നത് ഒഴിവാക്കേണ്ടതാണ്. | 1-17 |
| 18 | ജനകീയാസൂത്രണ പദ്ധതികളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപേക്ഷകൾക്ക് നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷകൾ ഉപയോഗിക്കുന്നില്ല. | 1-18 |
| 19 | ചെലവു രേഖകൾ ഹാജരാക്കിയില്ല- ₹913 തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | കേന്ദ്രീകൃത പർച്ചേസിന്റെ അഭാവത്തിൽ ഒരേ സാധനത്തിന് വ്യത്യസ്ത വിലകൾ നൽകേണ്ടിവരുന്നു. | 1-20 |
| 21 | നിർവഹണ ഉദ്യോഗസ്ഥന് ചെലവു തുക രണ്ടുതവണ നൽകി- അപാകങ്ങൾക്ക് വ്യക്തതവരുത്തേണ്ടതാണ്. | 1-21 |
| 22 | പ്രത്യേകകണക്കുകട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-22 |
| 23 | ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി - അവലോകനം | 1-23 |
| 24 | പത്രവിതരണം- പത്രം ലഭിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.₹30,000 തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | എസ് എസ് എ വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 1-25 |
| 26 | വിദ്യാർത്ഥിനികൾക്ക് വോളിബാൾ പരിശീലനം - യഥാർത്ഥ ചെലവു രേഖകൾ ഹാജരാക്കിയില്ല.₹3550 തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | ഫർണിച്ചറുകളുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയില്ല.₹3540 തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | മരാമത്ത് പ്രവൃത്തികൾ - നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച ₹439676/- തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | കരാർ വെക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല. | 1-29 |
| 30 | ചെലവ് രേഖകൾ ഹാജരാക്കാതെ കൺവീനർക്ക് തുക നൽകി - 67579/- തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. | 1-31 |
| 32 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു. | 1-32 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | ഇല്ല | |
| | ഭാഗം 3 | |
| | | |

| | | |
|---|---|---|
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 47 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 48 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.03.2018തീയതിയിലെ 63/18 നം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2019 തീയതിയിലെ 38-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തെ ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 498520.80 |
| വരവ് | 108660000 |
| | |

| | |
|---|---|
| ആകെ | 109158520.80 |
| ചെലവ് | 108678879 |
| നീക്കിയിരിപ്പ് | 479641.80 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 28.05.2019 | തിരിച്ചയച്ചിട്ടില്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6800701.30 |
| വരവ് | 47130053.00 |
| ആകെ | 53930754.00 |
| ചെലവ് | 47631291.30 |
| നീക്കിയിരിപ്പ് | 6299463.30 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9500956 | 9500956 | 9312347 | 188609 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 631000 | 631000 | 630620 | 380 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 888000 | 888000 | 740327 | 147673 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4460000 | 4460000 | 4460000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2776000 | 2776000 | 2733367 | 42633 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6012392 | 6012392 | 4079679 | 1932713 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25512000 | 25512000 | 25512000 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5277 | 1508623 | 1513900 | 1506188 | 7712 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 573790 | 592982 | 1166772 | 238854 | 927918 |
| ടി.എസ്.സി | | 665745 | 0 | 665745 | 0 | 665745 |
| നിർമ്മൽ പുരസ്കാരം | | 120658 | 0 | 120658 | 0 | 120658 |
| ശുചിത്വ മിഷൻ | | 1730399 | 370000 | 2100399 | 924185 | 1176214 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 620757 | 2860474 | 3481231 | 2543333 | 937898 |
| | ജില്ലാ പഞ്ചായത്ത് | 1201237 | 2064250 | 3265487 | 2530429 | 735058 |
| ബി ഫണ്ട് | | 0 | 510748 | 510748 | 510748 | 0 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 5940333/-രൂപ ലഭിച്ചിട്ടുണ്ട്.തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. തനത് ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ട് അല്ലാത്ത മറ്റ് തുകകളും നിക്ഷേപിച്ചിട്ടുള്ളതിനാൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലെ കണക്കുകളുടെ കൃത്യമായ വിവരം ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 49733276 | 94 | 37010376 | 30 | 25 | 53.78 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 14 | 11 | 2326273 | 1691127 | 72.70 |
| കൃഷി ഓഫീസർ | 5 | 5 | 2062000 | 1357625 | 65.84 |
| വെറ്റിനറി സർജൻ | 8 | 8 | 2617065 | 2616085 | 99.96 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 9 | 9 | 13971010 | 12203403 | 87.35 |
| അസി.എഞ്ചിനിയർ | 56 | 36 | 21395338 | 12714622 | 59.43 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3432372 | 3371226 | 98.22 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 6 | 5 | 1304630 | 920388 | 70.55 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 4 | 4 | 630000 | 580000 | 92.06 |
| ഹെഡ് മാസ്റ്റർ | 7 | 7 | 1276350 | 958430 | 75.09 |
| അസി.സെക്രട്ടറി | 5 | 4 | 718238 | 597470 | 83.19 |
| ആകെ | 119 | 94 | 49733276 | 37010376 | 74.42 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 10534356 | 9312347 | 88.4 |
| എസ്.സി.പി | 731000 | 630620 | 86.27 |
| ടി.എസ്.പി | 965327 | 740327 | 76.77 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6174980 | 4079679 | 66.07 |
| കേന്ദ്രാവിഷ്കൃതം | 405000 | 318654 | 78.68 |
| സംസ്ഥാനാവിഷ്കൃതം | 2309500 | 1460510 | 63.24 |
| തനത് ഫണ്ട് | 252000 | 234360 | 93 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3253807 | 2143333 | 65.87 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3659103 | 2930429 | 80.09 |
| സംരക്ഷണഗ്രാന്റ് റോഡ് | 7673928 | 4460000 | 58.12 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 4426700 | 2733367 | 61.75 |
| മറ്റുള്ളവ | 9347575 | 7966750 | 85.23 |
| ആകെ | 49733276 | 37010376 | 74.42 |

ഗ്രാമ പഞ്ചായത്തിന് 2018-19 വർഷം അനുവദിക്കപ്പെട്ട ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ ബാക്കിയായതിനാൽ ക്യൂബില്ലിലെ തുക ഉൾപ്പെടെ പാഴായത് 23.35ലക്ഷം രൂപയാണ്.

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാതിരുന്നാൽ വർഷാവസാനം നഷ്ടമാകും.നഷ്ടപ്പെട്ട തുക പിന്നീട് സ്ഥാപനത്തിന് ലഭിക്കാറില്ല. ഈ സ്ഥിതി വിശേഷം മുന്നിൽ കണ്ടുകൊണ്ട് ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രത പുലർത്തണമായിരുന്നു. ആയതിനാൽ വരും വർഷങ്ങളിൽ വർഷാരംഭത്തിൽ തന്നെ പദ്ധതി പണം സമയബന്ധിതമായി വിനിയോഗിക്കുന്നതിനും ഫണ്ട് പാഴാകാതിരിക്കുന്നതിനും അവശ്യമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതായുണ്ട്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ജി.ഒ.(എം.എസ്)10/17തസ്വഭവ. തീ.09.01.2017 ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ലയെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സുകളുടെ പരിപാലനം കുറ്റമറ്റരീതിയിലാവേണ്ടതുണ്ട്

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5277 | 1508623 | 1513900 | 1506188 | 7712 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25512000 | 25512000 | 25512000 | 0 |

മേൽ കണക്കുകൾ അക്കൗണ്ട് പരിശോധനാ വേളയിൽ പഞ്ചായത്ത് ലഭ്യമാക്കിയ വിവരമാണ്. എന്നാൽ കണക്കുകൾ വാർഷികകണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 269040 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 8632800 | 678 |

| | | |
|---|---|---|
| വിധവാപെൻഷൻ | 7684000 | 617 |
| വാർദ്ധക്യകാലപെൻഷൻ | 8825600 | 707 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2898300 | 225 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 729600 | 58 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22303/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും പൊതുവെ തൃപ്തികരമാണ്. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും എല്ലായ്പ്പോഴും അവലോകനം നടത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം കാര്യമായി വിലയിരുത്തപ്പെടുന്നില്ല. അതുപോലെ യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്ന് മിനിട്സിൽ എഴുതിച്ചേർക്കുന്നില്ല. ഈ ന്യൂനതകൾ പരിഹരിക്കേ ണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തലിന് വിധേയമാക്കി 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് കൃത്യമായി അംഗീകരിക്കുന്നുണ്ട്. നികുതി പിരിവ് അവലോകനം മിക്കവാറും എല്ലാ മാസങ്ങളിലും നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഇതിനകം ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ നല്ലരീതിയിൽ നടന്നുവരുന്നു. കീഴ് ജീവനക്കാർ ചെയ്യുന്ന ജോലികളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കുറേക്കൂടി കാര്യക്ഷമത പുലർത്തേണ്ടതായിട്ടുണ്ട്. മേൽനോട്ട ചുമതലയിൽ വന്ന നോട്ടക്കുറവ് കാരണം പരിശോധന സമയത്ത് അനർഹമായി കൈപ്പറ്റിയ തുകകൾ തിരിച്ചടക്കേണ്ടിവന്ന സാഹചര്യവും ഇതിന് ഉദാഹരണമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനുവരി 15-നു മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതായുണ്ട്. എന്നാൽ ഈ സമയക്രമം പാലിച്ചതായി കാണുന്നില്ല. 2018-19ലെ ബജറ്റ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ ഭരണ സമിതിയോട് ശുപാർശ ചെയ്യുവാൻ 03.02.2018ൽ തീരുമാനിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിയമ പ്രകാരം ബജററ്

തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാവരും പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതായുണ്ട്

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/09/2020 | 01/07/2020 to 31/08/2020 | 09/09/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/04/2019 | 2014-15 to 2018-19 | 22/10/2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)വാർഷിക ധനകാര്യ പത്രികയിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പ് തയ്യാറാക്കിയിട്ടില്ല.

2)വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3)ബാലൻസ് ഷീറ്റ് ബി.1 ഷെഡ്യൂളിലെ പഞ്ചായത്ത് ഫണ്ട് - ജനറൽ ഫണ്ട് തുകയും ബാലൻസ് ഷീറ്റ് ബി.1 ഷെഡ്യൂളിലെ കോളം നം. 6-ൽ പഞ്ചായത്ത് ഫണ്ട് ജനറൽ ഫണ്ട് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി.1 ഷെഡ്യൂളിലെ പഞ്ചായത്ത് ഫണ്ട് - ജനറൽ ഫണ്ടിലെ നീക്കിയിരിപ്പ് തുകയും 2018-19 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ബി.1 ഷെഡ്യൂളിലെ പഞ്ചായത്ത് ഫണ്ട് - ജനറൽ ഫണ്ടിലെ മുന്നിരിപ്പ് തുകയും (കോളം നം. 3) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4)നോൺ റീ ഫണ്ടബിൾ ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

5)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിലെ I-14 (c) എന്ന ശീർഷകത്തിൽ മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്ത പദ്ധതി ചെലവുകളാണ് ഉൾപ്പെടുത്തേണ്ടതെന്നിരിക്കെ മേഖലാ വിഭജനത്തിൽപ്പെടുന്ന കുടിവെള്ള കണക്ഷൻ പദ്ധതികൾക്കുള്ള ചെലവ് രേഖപ്പെടുത്തിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

6)ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കാത്തതിനാൽ ആസ്തികളുടെ ഡിപ്രീസിയേഷൻ ചാർജ് ചെയ്തത് ആസ്തികളുടെ നിരക്ക്, മൂല്യം, കാലദൈർഘ്യം എന്നിവ പരിഗണിച്ച് നിയമാനുസൃതമായാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7)2018-19 സാമ്പത്തിക വർഷത്തിലെ വസ്തു നികുതിപിരിവിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ സാംഖ്യയിലും, സഞ്ചയയിലും പൊരുത്തപ്പെടുന്നില്ല. 2018-19 വർഷത്തിൽ

വസ്തുനികുതിയിനത്തിൽ ഡിമാന്റ് ചെയ്ത തുകയേക്കാൾ കൂടിയ തുക വസ്തുനികുതിയിനത്തിൽ തനവർഷം പിരിവ് വന്നിട്ടുണ്ട്. 2017-18 വർഷത്തെ ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ വസ്തു നികുതിയിനത്തിൽ കുടിശ്ശിക തുക പിരിഞ്ഞ് കിട്ടാനില്ലെന്നിരിക്കെ, 2018-19 വർഷത്തിൽ കുടിശ്ശിക കലക്ഷൻ എങ്ങനെ ഉണ്ടായി എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

# 1-12 തൊഴിൽനികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ,കലയിലോ, ജോലിയിലോ, ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽകരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽനികുതിയും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 വർഷം തൊഴിൽനികുതി ഒടുക്കിയിട്ടുള്ള താഴെപറയുന്ന വ്യാപാരിയിൽ നിന്നും 2018-19 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 10/555 | പുതുശ്ശേരി കൃഷ്ണൻ ,ഗോവിന്ദൻ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(20/14.10.2020) ടിയാനിൽ നിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ എന്നാൽ തൊഴിൽനികുതി ഒടുക്കാത്ത മുഴുവൻ വ്യക്തികളെ/സ്ഥാപനങ്ങളെ കണ്ടെത്തി അവരിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 ലൈസൻസ് അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ജി.ഒ.(പി.)80/2017/തസ്വഭവ തീ. 31.10.2017 എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. കൂടാതെ ഓരോ സാമ്പത്തീക വർഷം ആരംഭിക്കുന്നതിന് മുമ്പായി ലൈസൻസ് പുതുക്കേണ്ടതുമാണ്. 2017-18 വർഷം ലൈസൻസ് ഒടുക്കിയിട്ടുള്ള പുതുശ്ശേരി കൃഷ്ണൻ, ഗോവിന്ദൻ(വാർഡ് നമ്പർ/കെട്ടിട നമ്പർ : 10/555) എന്നിവർ 2018-19 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (20/14.10.2020) ടിയാനിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിൽ നിന്നുമായി 201 സ്ഥാപനങ്ങൾ 2018-19 വർഷത്തേക്ക് എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 774 കെട്ടിടങ്ങളുണ്ട്. ഫീൽഡ് തല പരിശോധന നടത്തി മേൽ കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്)വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഫീൽഡ്തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-15 വാടക- അപാകങ്ങൾ

<u>വാടക രജിസ്റ്റർ പൂർണ്ണമല്ല.</u>

പഞ്ചായത്ത് ഹാൾ വാടകയ്ക്ക് നൽകുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം 2018-19 വർഷത്തെ വരവ് 5750/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിലെ വരവ് 9500/- രൂപയാണ്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (20/14.10.2020) മറുപടിയായി വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക പിരിച്ചെടുത്തിട്ടുണ്ടെന്നും (ലെഡ്ജർ ഹാജരാക്കിയിട്ടുണ്ട്) ആയത് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>വാടക ബൈലോ നിലവിലില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ഗവൺമെന്റ് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(20/14.10.2020) മറുപടിയായി ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# 1-16 വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളെ വളർത്തുന്ന ഏതൊരാളും ലൈസൻസിനായി അവയുടെ പ്രായം,നിറം, ഇനം മുതലായ വിവരങ്ങൾ, 10 രൂപ ഫീസ് എന്നിവ

സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.ഓഡിറ്റ് വർഷം ഇപ്രകാരം 44 വളർത്തുനായ്ക്കൾക്ക് വേണ്ടി മാത്രമാണ് ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. എന്നാൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 51/19 ,പേവിഷബാധ പ്രതിരോധകുത്തിവെപ്പ് ക്യാമ്പുകൾ എന്ന പ്രൊജക്ടിന്റെ ഭാഗമായി 151 വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ പട്ടികളെ വളർത്തുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംന്ധിച്ച് നൽകിയ അന്വേഷണത്തിന് (20/14.10.2020) മറുപടിയായി ലൈസൻസിനുള്ള അപേക്ഷ ലഭിക്കാത്തതിനാലാണ് ഇത്തരം വീഴ്ച ഉണ്ടായതെന്നും ഇത്തരം പിഴവുകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ലൈസൻസ് ഇല്ലാതെ പട്ടികളെ വളർത്തുന്നവരിൽനിന്നും ചട്ടം 5 പ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ വികസനഫണ്ടിൽ നിന്നും വഹിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ അവരുടെ ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാസ്ഥാപന മേലധികാരികൾക്കും തുക അനുവദിക്കേണ്ടതാണെന്നും ഇതിനാവശ്യമായ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ തനത് ഫണ്ട്/ജനറൽ പർപസ് ഗ്രാന്റ്/നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും ജി ഒ (എം എസ്) 22/2018 തസ്വഭവ 14.02.18 ലെ ഖണ്ഡിക 8.8-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19ൽ പ്രസ്തുത ഫണ്ടുകൾ ഉപയോഗിക്കാതെ താഴെ പ്രതിപാദിക്കും പ്രകാരം വികസനഫണ്ട് ജനറൽ ഉപയോഗിച്ചാണ് കണ്ടിജൻസി ചെലവുകൾ നടത്തിയത്.

പ്രോജക്ട്- 106/19 കൃഷി ഭവൻ കണ്ടിജന്റ് ചെലവുകൾ (ചെലവ്- 49,000)

പ്രോജക്ട് - 109/19 വെറ്റിനറി ഡിസ്പൻസറിയുടെ കണ്ടിജൻസി ചെലവുകൾ(ചെലവ്-25,000)

പ്രോജക്ട് - 103/19 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കണ്ടിജൻസി ചെലവുകൾ (ചെലവ്-39,930)

ഇതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ - 1/18-19 തീയതി 09/10/20 ന് നൽകിയ മറുപടിയിൽ മറ്റ് ഫണ്ടുകൾ കുറവായതിനാലാണ് ഘടകസ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്ക് സാധാരണ വിഹിതം ഉപയോഗിച്ചതെന്നാണ് അറിയിച്ചത്. എന്നാൽ സർക്കാർ നിർദേശം വ്യക്തമായതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതിനുവേണ്ടി ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-18 ജനകീയാസൂത്രണ പദ്ധതികളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപേക്ഷകൾക്ക് നിശ്ചിത ഫോർമാറ്റ് ഉപയോഗിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ, കൃഷിഓഫീസർ എന്നിവരുടെ പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ അപേക്ഷ നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. കൃഷി ഓഫീസർ ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധമില്ലാത്തതും കൃഷി

വകുപ്പിലെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന അപേക്ഷാവിവരങ്ങളാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്, വെറ്ററിനറി സർജനും അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല എന്നും പകരം പഞ്ചായത്ത് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്നുമാണ് അറിയിച്ചത്. ആയതിനാൽ താഴെ പ്രതിപാദിക്കുന്നവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് സെക്രട്ടറിയോടും നിർവഹണ ഉദ്യോഗസ്ഥരോടും ഓഡിറ്റ് അന്വേഷണം നമ്പർ 1/18-19 തീയ്യതി 09.10.20 പ്രകാരം അറിയിക്കുകയുണ്ടായി.

A)നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷാഫോറം നിർവഹണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നുണ്ടോ എന്ന് സെക്രട്ടറിയും, ആയത് ലഭിക്കുന്നുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥരും വ്യക്തമാക്കേണ്ടതാണ്.

B)ഗ്രാമസഭയിൽ അംഗീകരിച്ച അപേക്ഷകൾ (ആനുകൂല്യം ലഭിച്ചവരുടേത് ) ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിച്ച ചോദ്യങ്ങൾക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ഭരണസമിതി അംഗീകരിച്ച അപേക്ഷാഫോറങ്ങൾ മിസ് പ്ലയിസ്ഡ് ആയിട്ടുണ്ട് എന്നും ആയത് കണ്ടെത്തി വൗച്ചറിന്റെ കൂടെ സൂക്ഷിക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയത് കണ്ടെത്തി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതും ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ജി.ഒ.(പി.)220/97/തസ്വഭവ തീ. 2.10.97, ജി.ഒ.(പി.)181/98/തസ്വഭവ തീ. 02.09.1998 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-19 ചെലവു രേഖകൾ ഹാജരാക്കിയില്ല- ₹913 തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 106/19 കൃഷി ഭവൻ കണ്ടിജൻസി ചെലവുകൾ

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ -25,000(വികസനഫണ്ട്)

മേൽ പ്രോജക്ടിലെ ചെലവിലേക്കായി ബിൽ നമ്പർ KBT /CB/9/2018-19 dt 12.03.19 പ്രകാരം പിൻവലിച്ച ₹913 ന്റെ ചെലവുകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ എത്രയും വേഗം പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/18-19 തീയ്യതി 12.10.2020 ന് നൽകിയ മറുപടിയിൽ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും ഓഫീസിൽ പെയിന്റിംഗ് ജോലികൾ ചെയ്തതിനാൽ ഫയലുകൾ സ്ഥാനം മാറിയതിനാൽ ഹാജരാക്കാൻ കുറച്ചുകൂടി സമയം ആവശ്യമാണ് എന്നും അറിയിക്കുകയാണ് ചെയ്തത്. ആയതിനാൽ ചെലവു തുക ₹913 തടസ്സപ്പെടുത്തുന്നു.

# 1-20 കേന്ദ്രീകൃത പർച്ചേസിന്റെ അഭാവത്തിൽ ഒരേ സാധനത്തിന് വ്യത്യസ്ത വിലകൾ നൽകേണ്ടിവരുന്നു.

നിർവഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ , കൃഷിഓഫീസർ എന്നിവർ നിർവഹണം നടത്തിയ ഇൻവർട്ടർ വാങ്ങൽ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(A) പ്രോജക്ട് -136/19 കൃഷിഭവനിലേക്ക് ഇൻവർട്ടർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

അടങ്കൽ – 50,000/- (വികസന ഫണ്ട്)

ബിൽ നമ്പർ - 1822065201060128l138/28-2-19 ₹ 49,000

ക്വട്ടേഷൻ നോട്ടീസ് - കെ ബി ടി 17/18 തീയ്യതി -21.1.19

ഇൻവർട്ടർ ലഭ്യമാക്കിയ സ്ഥാപനം -ZENON POWER SOLUTIONS – KANNUR

ഇൻവോയ്സ് നമ്പർ -ZPS/B/275 dt 21.02.19

തുക - ₹49,000 (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്)

(B) പ്രോജക്ട് - 53/19 മൃഗാശുപത്രിയിലേക്ക് ഇൻവർട്ടർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
അടങ്കൽ – 50,000/- (എം.ജി.എൻ.ആർ.)

ബിൽ നമ്പർ - 182206520122006 05855/6-10-18 ₹ 49,900

ക്വട്ടേഷൻ നോട്ടീസ് - കെ ബി ടി 148/18 തീയ്യതി -31.08.2018

ഇൻവർട്ടർ ലഭ്യമാക്കിയ സ്ഥാപനം -ZENON POWER SOLUTIONS – KANNUR

ഇൻവോയ്സ് നമ്പർ -ZPS/B/166 dt 1.10.18

തുക - ₹49,900

അപാകം -

വങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ നടത്തേണ്ടതാണെന്ന് ജി.ഒ.(പി.)നമ്പർ 259/2010/തസ്വഭവ തീയതി 08.11.2010-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഇൻവർട്ടർ രണ്ടു വ്യത്യസ്ഥ കൊട്ടേഷനുകൾ നടത്തിയതു വഴി ₹900 ന്റെ അധിക ചെലവ് സംഭവിച്ചിരിക്കുന്നു. കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായം പഞ്ചായത്ത് അനുവർത്തിച്ചിരുന്നെങ്കിൽ നഷ്ടം ഒഴിവാക്കാമായിരുന്നു. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-2/18-19 തീയ്യതി 09/10/2020 ന് നൽകിയ മറുപടിയിൽ പദ്ധതി നിർവഹണം ആരംഭിച്ച ഘട്ടത്തിൽ മൃഗാശുപത്രിയിൽ ഇൻവർട്ടർ വാങ്ങാൻ മാത്രമാണ് ഉണ്ടായിരുന്നതെന്നും അത് വെറ്ററിനറി സർജൻ നടപടിക്രമങ്ങൾ പാലിച്ച് നടപ്പാക്കിയെന്നും പിന്നീട് റിവിഷന്റെ ഭാഗമായി ഫണ്ട് ലഭ്യമായപ്പോൾ കൃഷിഭവനിൽ വാങ്ങുകയാണ് ഉണ്ടായതെന്നുമാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 നിർവഹണ ഉദ്യോഗസ്ഥന് ചെലവ് തുക രണ്ടുതവണ നൽകി- അപാകങ്ങൾക്ക് വ്യക്തതവരുത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ - 33/19 ക്ഷീരകർഷകർക്ക് പാലുത്പാദന സബ്സിഡി

അടങ്കൽ - 2,00,000(വികസന ഫണ്ട്), 2,00,000 (ബ്ലോക്ക് വിഹിതം), 3,87,065 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ- 7,87,065

ബിൽ നമ്പർ- 182206520122011484O7തീയ്യതി-01/02/19 ₹2,00,000

ചെക്ക് നമ്പർ - 3930077/01.02 2019 ₹5,86,515

ആകെ ചെലവ് -7,86,515

ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് പാലുത്പാദന ബോണസ് നൽകുന്നതിനു വേണ്ടിയാണ് പ്രോജക്ട് നടപ്പാക്കിയത്. ഇതിനായി മേൽ വിശദാംശങ്ങൾ പ്രകാരം തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ട് പരിശോധിച്ചപ്പോൾ മേൽ ചെക്ക് നമ്പർ പ്രകാരം നിക്ഷേപിച്ചതു കൂടാതെ ₹5,86,515 (2,00,000 + 3,86,515) കൂടി 19-03-2019 ൽ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കണ്ടു. പ്രസ്തുത തുക 25.3.19ൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുമുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയതായി വെറ്റിനറി സർജൻ രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/18-19 തീയ്യതി 09/10/2020 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ആയതിന് താഴെ പ്രതിപാദിക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട് . അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള ചെക്കുകൾക്ക് ട്രഷറിയിലുണ്ടായ നിയന്ത്രണങ്ങൾ കാരണം വെറ്റിനറി സർജന്റെ അക്കൗണ്ടിലേക്ക് തുക മാറുന്നതിന് കാലതാമസം നേരിട്ടു, ആയതിനാൽ ട്രഷറി നിർദേശ പ്രകാരം രണ്ട് വ്യത്യസ്ത ചെക്കുകൾ എഴുതി നൽകുകയാണ് ഉണ്ടായത് . എന്നാൽ പെട്ടെന്ന് ട്രഷറി നിയന്ത്രണം നീക്കിയതിനാൽ ഈ മൂന്ന് ചെക്കുകളും പാസ്സായി. തുടർന്ന് വെറ്റിനറി സർജൻ അധികം ലഭിച്ച തുക തിരികെ അടവാക്കുകയാണ് ഉണ്ടായത് എന്നും വ്യക്തമാക്കി.

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയ്ക്ക് വ്യക്തത വരുത്തേണ്ടതാണ്

1) 25.3.19ൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയതായി വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ (ജോയിന്റ് വെഞ്ചർ) പ്രസ്തുത തുക 25.3.19 ന് വരവ് രേഖപ്പെടുത്തിയിട്ടില്ല. ഏത് അക്കൗണ്ടിലാണ് തുകയുടെ വരവും ചെലവും രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കേണ്ടതാണ്.

2)ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ ചെക്ക് ബുക്കുകളുടെ കൗണ്ടർ ലീഫ് പരിശോധിച്ചപ്പോൾ നിർവഹണ ഉദ്യോഗസ്ഥന് തുക നൽകിയ ചെക്ക് (3930077/01.02.2019 ) കാൻസൽ ചെയ്തതായി രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ ബാങ്ക് ബുക്കിൽ പ്രസ്തുത ചെക്ക് മുഖേനതന്നെയാണ് തുക കൈമാറിയതെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് എന്തുകൊണ്ടാണെന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ട്രഷറി നിർദേശപ്രകാരം വീണ്ടും രണ്ടു ചെക്കുകൾ നൽകിയപ്പോൾ ബാങ്ക് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്

മേൽ അപാകങ്ങൾക്ക് സെക്രട്ടറി വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-22 പ്രത്യേകകന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട് നമ്പർ - 23/19 എസ് എൽ ബി പി- പ്രത്യേകകന്നുകുട്ടി പരിപാലനം

അടങ്കൽ - 1,87,500(വികസന ഫണ്ട്), 1,87,500 (സംസ്ഥാനാവിഷ്കൃതം), 3,75,000(മറ്റുള്ളവ)

ആകെ- 7,50,000

ബിൽ നമ്പർ- 1822065201220085396 9തീയ്യതി-26/11/18 ₹1,87,500

സംസ്ഥാനാവിഷ്കൃതഫണ്ട് ചെലവ് – ₹1,87,500

മറ്റുള്ളവ – 3,75,000

ആകെ ചെലവ് -7,50,000

2) പ്രോജക്ട് നമ്പർ - 52/19 പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ - 3,75,000(വികസന ഫണ്ട്), 3,75,000(മറ്റുള്ളവ)

ആകെ- 7,50,000

ബിൽ നമ്പർ- 182206520122006910 06തീയ്യതി-23/10/18 ₹ 3,75,000

മറ്റുള്ളവ – 3,75,000

ആകെ ചെലവ് -7,50,000

4 മുതൽ 6 മാസം വരെ പ്രായമായ കന്നുകുട്ടികളെ കണ്ടെത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകുക, പ്രായപൂർത്തിയാകുന്നതുവരെ കാലിത്തീറ്റ വിതരണം ചെയ്യുക എന്നിവയ്ക്കുവേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിനുവേണ്ടി മേൽ വിശദാംശങ്ങൾ പ്രകാരം എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/18-19 തീയ്യതി 9/10/20ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി - അവലോകനം

തില്ലങ്കേരി പഞ്ചായത്തിൽ 2018-19 ൽ ലൈഫ് മിഷന്റെ ഭാഗമായി നടത്തിയ ഭവന നിർമാണത്തിന്റെ വിശദാംശങ്ങൾ (സ്പിൽ ഓവർ പ്രോജക്ട് ഒഴികെ) ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | വികസനഫണ്ട് | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | ജില്ലാ പഞ്ചായത്ത് വിഹിതം | | ഹഡ്കോ വായ്പ | |
|---|---|---|---|---|---|---|---|---|
| | | | | | | | | |

| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
|---|---|---|---|---|---|---|---|---|
| 22/19 ലൈഫ് ഭവനപദ്ധതി (ജനറൽ) | 1913200 | 1913200 | 1165500 | 1165200 | 846650 | 846650 | 7700000 | 7120000 |
| 41/19 ലൈഫ് ഭവനപദ്ധതി (എസ് സി) | 181000 | 181000 | 80000 | 80000 | 139000 | 139000 | 0 | 0 |
| ആകെ | 2094200 | 2094200 | 1245500 | 1245200 | 985650 | 985650 | 7700000 | 7120000 |

34 ഗുണഭോക്താക്കളാണ് ഭവന നിർമാണം പൂർത്തിയാക്കിയത്. അവരുടെ പേരും, സഞ്ചയ വസ്തുനികുതി നിർണയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിടത്തിന്റെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണം | കെട്ടിടത്തിന്റെ കാലപ്പഴക്കം |
|---|---|---|---|---|
| 1 | ഭാസ്കരൻ ടി | 6/179A | 38.36 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 2 | ആലയാടൻ ഗൗരി | 7/232A | 41 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 3 | ഷൈലജ കെ | നമ്പർ നല്കിയിട്ടില്ല | | |
| 4 | കെ വി നളിനി | 12/49A | 35 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 5 | എം നാരായണി | 13/94A | 39 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 6 | ബാലൻ വെള്ളുവ | നമ്പർ നല്കിയിട്ടില്ല | | |
| 7 | ശ്രീമതി കെ | 4/236B | 38 | 10 |

| | | | | |
|---|---|---|---|---|
| | | | | വർഷത്തിൽ കുറവ് (0വർഷം) |
| 8 | ശ്രീദേവി എം പി | 10/112A | 37 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 9 | പുതിയാണ്ടി നിസാർ | 12/249B | 39 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 10 | പുഷ്പജ എം | 5/27A | 40 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 11 | വത്സൻ വി | 9/27C | 43 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 12 | സീനത്ത് സി കെ | 2/100 C | 38 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 13 | മണിയോത്ത് കുഞ്ഞിക്കണ്ണൻ | 7/189 | 31 | 17 വർഷത്തിൽ കൂടുതൽ |
| 14 | സുശീല | 9/174A | 38 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 15 | ദേവി പുല്ലായിക്കുടി | 9/140 | 34 | 10 വർഷത്തിൽ കൂടുതൽ |
| 16 | ചാലിൽ വത്സല | 9/116A | 39.87 | 10 വർഷത്തിൽ |

| | | | | |
|---|---|---|---|---|
| | | | | കുറവ്<br>(0വർഷം) |
| 17 | ശ്രീമതി കെ കെ | 4/236B | 38.35 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 18 | പുരുഷോത്തമൻ കെ എൻ | 4/235A | 39.7 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 19 | അശോകൻ എം | 11/281A | 39.5 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 20 | രൂപേഷ് കെ കെ | 11/22A | 39.9 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 21 | മാധവി ഇ | 10/85A | 39.7 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 22 | പ്രമീള കെ | 12/69A | 42.63 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 23 | ഉഷ വി | 13/274A | 35.1 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |
| 24 | സി കെ നാരായണിയമ്മ | 13/33 | 22.5 | 10 വർഷത്തിൽ കുറവ്<br>(0വർഷം) |

| | | | | |
|---|---|---|---|---|
| 25 | പ്രേമി കെ | 3/19A | 44.5 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 26 | പ്രേമലത കെ കെ | 4/38A | 37.8 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 27 | അബ്ദുള്ള കെ | 8/129A | 36.76 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 28 | മാതു എൻ | 4/226B | 39.6 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 29 | പുഷ്പവല്ലി കെ | 2/39A | 3.78 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 30 | പുരുഷോത്തമൻ വി എൻ | 11/32A | 35.3 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 31 | രോഹിണി എൻ | 11/302A | 38.36 | 10 വർഷത്തിൽ കുറവ് (0വർഷം) |
| 32 | കാർത്ത്യായനി എം | | | 10 വർഷത്തിൽ കുറവ് (0വർഷം) |
| 33 | ശാന്ത ടി | 11/320A | 37.6 | 10 വർഷത്തിൽ കുറവ് |

| | | | | |
|---|---|---|---|---|
| | | | | (0വർഷം) |
| 34 | ലക്ഷ്മണൻ എം | 11/270A | 33.39 | 10 വർഷത്തിൽ കുറവ് (0വർഷം) |

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ പരിധിയിലെ എല്ലാ ഭവനരഹിതർക്കും ഭവനം നൽകുന്നതിനുള്ള കർമപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണെന്ന സർക്കാർ ഉത്തരവിന്റെ അന്തസത്ത ഉൾക്കൊണ്ട് 34 ഭവനഹിതർക്ക് ഭവനം നൽകുന്നതിന് ആവശ്യമായ പ്രോജക്ട് തയ്യാറാക്കി ഫലപ്രാപ്തിയിലെത്തിച്ച ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും ജീവനക്കാരും അഭിനന്ദനം അർഹിക്കുന്നു. വരും വർഷങ്ങളിലും നടപ്പാക്കേണ്ട പദ്ധതിയായതിനാൽ ഇതുമായി ബന്ധപ്പെട്ട മാർഗരേഖയിൽ (സ.ഉ(എം എസ്)നം.151/2017 തസ്വഭവ തീയ്യതി 31.072017) പരാമർശിക്കപ്പെട്ടതും എന്നാൽ നിലവിൽ നടപ്പാക്കിയ പദ്ധതികളിൽ പാലിക്കാനാവാതെ പോയതുമായ നിർദേശങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇതുകൂടി പരിഗണിച്ച് കൂടുതൽ ഫലപ്രദമായ രീതിയിൽ സമ്പൂർണ ഭവനപദ്ധതി നടപ്പാക്കാൻ ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഓഡിറ്റ് നിർദേശങ്ങൾ

1) 37.16ച. മീ വിസ്തീർണമുള്ള ഭവനമാണ് ലൈഫ് പദ്ധതികളിൽ നിർമിക്കേണ്ടത്. എന്നാൽ ക്രമനമ്പർ 13, 24, 29, 34 എന്നിവ വിസ്തീർണം കുറച്ചാണ് നിർമിച്ചിരിക്കുന്നത്. സർക്കാർ നിർദേശത്തോട് പരമാവധി നീതി പുലർത്തുന്ന വിസ്തീർണം ഭാവിയിൽ നിർമിക്കുന്ന ഭവനങ്ങൾക്ക് ഉണ്ടായിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

2) തറ വിസ്തീർണത്തിൽ 5% വരെ വ്യതിയാനം സംഭവിക്കുന്നതിൽ തടസ്സമില്ല. എന്നാൽ ക്രമനമ്പർ 24, 29 എന്നിവ നിശ്ചയിക്കപ്പെട്ടതിലും വളരെ കുറവായത് സംബന്ധിച്ച് പരിശോധനനടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

3)നിർമിക്കേണ്ട ഭവനങ്ങളുടെ 12 ടൈപ്പ് ഡിസൈനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുത്ത് അതുപ്രകാരമാണ് ഗുണഭോക്താവ് ഭവനം നിർമിക്കേണ്ടത്. എന്നാൽ ഏത് ടൈപ്പ് ഡിസൈനാണ് തെരഞ്ഞെടുത്തതെന്നോ, ഏതാണ് നിർമിച്ചതെന്നോ ഫയൽ പരിശോധനയിൽ വ്യക്തമാവുന്നില്ല. ഈ അപാകം ഭാവിയിൽ പരിഹരിക്കേണ്ടതാണ്.

4)മേൽ പ്രതിപാദിച്ച പട്ടികയിലെ ക്രമനമ്പർ 13, 15 എന്നീവയിലെ ഭവനത്തിന്റെ കാലപ്പഴക്കം സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത് യഥാക്രമം 17, 10 വർങ്ങളാണ് . ഇത്രയും പഴക്കമുള്ള കെട്ടിടങ്ങൾക്കുവേണ്ടിയാണോ തുക നൽകിയിട്ടുള്ളത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

5) നിർമിച്ച വീടിനുള്ളിൽ അടുക്കള, ഡ്രോയിംഗ് കം ഡൈനിംഗ് റൂം, രണ്ട് കിടപ്പുമുറി, സെപ്റ്റിക്ക് ടാങ്കുള്ള ടോയ്ലറ്റ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ പ്ലമ്പിംഗ് പോയിന്റ് (2എണ്ണം), വയറിംഗ് മിനിമം 3 പോയിന്റ് , ഫ്ലോറിംഗ് സിമന്റ് കോൺക്രീറ്റ് എന്നിവ നിർബന്ധമാണെന്ന് മേൽ പ്രതിപാദിച്ച മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ഇവ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളോ, സാക്ഷ്യപ്പെടുത്തലുകളോ ഫയലിൽ ലഭ്യമല്ല. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈ വിഷയത്തിൽ വിശദീകരണം വാങ്ങിക്കുകയും തുടർ നടപടികൾ

സ്വീകരിച്ച് പ്രസ്തുത കാര്യം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേക്ക് ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു

6)തങ്ങളുടെ കാലയളവിൽ എടുത്തുകാട്ടാൻ കഴിയുന്ന പദ്ധതിയായി ലൈഫിനെ മാറ്റിയെടുക്കേണ്ടത് നിലവിലുള്ള ഭരണസമിതിയുടെ ചുമതലയാണ്. അതിനാൽ ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരും കാലങ്ങൾക്ക് അറിവു നൽകുന്ന രേഖകൾ സൃഷ്ടിക്കപ്പെടേണ്ട ഒന്നാണ്. ഇതിനുതകുന്ന വിധത്തിൽ മിഷൻ പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും രേഖപ്പെടുത്തുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം, വീഡിയോ എന്നിവ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ഇത് നടപ്പാക്കുന്നതിനുള്ള ചുമതല സ്ഥാപന സെക്രട്ടറിക്കാണ്. എന്നാൽ നിലവിൽ ഇങ്ങനെയൊരു സൂക്ഷിപ്പ് നടത്തിയിട്ടില്ലെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഇത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

7)ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമാണം ആരംഭിക്കാനോ, ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ധനസഹായം ലഭ്യമായാലും സഹായിക്കാൻ ആരും ഇല്ലാത്തവരും ലഭിക്കുന്ന ധനസഹായത്തിനു പുറമേ അധിക വിഭവസമാഹരണം നടത്താൻ കഴിയാത്തവരും ഉണ്ട്. ഇത്തരക്കാർക്ക് കൈത്താങ്ങാവേണ്ടത് പൊതുസമൂഹമാണ്. ഇതിലേക്കായുള്ള മാർഗനിർദേശങ്ങൾ സർക്കാർ വ്യക്തമാക്കിയതിനു പുറമേ,തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ഉചിതമെന്ന് കരുതുന്ന എന്നാൽ ലക്ഷ്യം സാധൂകരിക്കുന്നതിന് ഉതകുന്ന ഏത് മാർഗവും പൊതുജനങ്ങളെ ഉൾക്കൊള്ളിച്ച് നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. നിശ്ചയിക്കപ്പെട്ട വിസ്തീർണത്തിൽ കുറവായി നിർമിക്കപ്പെട്ട മേൽപ്രതിപാദിച്ച പട്ടികയിലെ ഗുണഭോക്താക്കളുടെ വിഷയത്തിൽ ഇത്തരമൊരു മാർഗം പരിഗണിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 പത്രവിതരണം- പത്രം ലഭിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.₹30,000 തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് -46/19 സാമൂഹ്യ വിദ്യാഭ്യാസ യജ്ഞം

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ- 30,000( വികസന ഫണ്ട് ) ,

ബിൽ നമ്പർ - 18220652010700800350/15-11-18 ₹ 30,000

സാമൂഹ്യ വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് പത്രം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ സ്കൂളുകൾക്ക് എത്ര പത്രം ലഭിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കുന്ന ഹെഡ്മാസ്റ്റർമാരിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ - 14/18-19 തീയ്യതി 12.10.2020 ന് നൽകിയ മറുപടിയിൽ ഹെഡ്മാസ്റ്റർമാരിൽ നിന്നും വാങ്ങിസൂക്ഷിച്ച സാക്ഷ്യപത്രങ്ങൾ കൈമോശം വന്നതിനാൽ ഹാജരാക്കാൻ സാധിച്ചില്ല എന്നാണ് മറുപടി നൽകിയത്. ആയത് അംഗീകരിക്കുന്നില്ല. ചെലവുതുക ₹30,000 തടസ്സപ്പെടുത്തുന്നു.

# 1-25 എസ് എസ് എ വിഹിതം നൽകിയതിന്റെ

# വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് -48/19 എസ് എസ് എ വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ- 5,00,000( വികസന ഫണ്ട്) ,

ബിൽ നമ്പർ - 18220652010700385341/30-7-18 ₹ 5,00,000

മേൽ വിശദാംശങ്ങൾ പ്രകാരം പിൻവലിച്ച തുക എസ് എസ് എ ജില്ലാ കോഓഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ - 14/18-19 തീയ്യതി 12.10.2020 ന് നൽകിയ മറുപടിയിൽ സാക്ഷ്യപത്രം നഷ്ടപ്പെട്ടു പോയതിനാലാണ് ഹാജരാക്കാൻ സാധിക്കാത്തതെന്നാണ് ഹെഡ്മാസ്റ്റർ മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി സ്വീകാര്യമല്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 1-26 വിദ്യാർത്ഥിനികൾക്ക് വോളിബാൾ പരിശീലനം - യഥാർത്ഥ ചെലവു രേഖകൾ ഹാജരാക്കിയില്ല.₹3550 തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് -81/19 വിദ്യാർത്ഥിനികൾക്ക് വോളിബാൾ പരിശീലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ

അടങ്കൽ- 60,000( വികസന ഫണ്ട്) ,

ബിൽ നമ്പർ - 18220652010701491393/23-3-19 ₹ 60,000

വിദ്യാർത്ഥിനികൾക്ക് വോളിബാൾ പരിശീലനത്തിന്റെ ഭാഗമായി താഴെ വിവരിക്കുന്ന പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

1)ബിജു മാടത്താങ്കണ്ടി -₹3550(പന്തൽ വാടക)

2) ജോസ് കെ- ₹18,000 (പരിശീലകൻ)

3) തങ്കമണി പി വി -₹16,200 (ഭക്ഷണം )

4)അബ്ദുൾ റഹ്മാൻ - ₹22,250( ഉപകരണങ്ങൾ)

ഇതിൽ ബിജു മാടത്താങ്കണ്ടി എന്നവർ സമർപ്പിച്ച ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.-മൈക്ക് സെറ്റ്- ₹2000, 2.ജനറേറ്റർ - ₹400, 3.കസേര (100എണ്ണം) - ₹600,

4.ടാർപായ -₹150,5.വണ്ടിവാടക-₹400

ആകെ ₹3550

വിദ്യാർത്ഥിനികൾക്ക് വോളിബാൾ പരിശീലനപരിപാടിയുടെ ഉദ്ഘാടന സമയത്ത് എടുത്ത ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ വേദിയിൽ ആകെ 10 കസേരകളും 30 കുട്ടികൾ ഗ്രൗണ്ടിൽ വെയിലത്ത് നിൽക്കുന്നതുമാണ് കാണുന്നത്. വേദിയിലും സദസ്സിലും ടാർപായ

കെട്ടിയതായി കാണുന്നില്ല. എന്നാൽ പ്രോജക്റ്റിന്റെ ചെലവുരേഖയിൽ 100 കസേര, ടാർപായ എന്നിവയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും കൃത്യമായ രേഖകൾ ഇല്ലാതെയാണ് ചെലവ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു. യഥാർത്ഥ ചെലവ് രേഖകൾ ഇല്ലാതെ സർക്കാർ ഫണ്ട് വിനിയോഗിച്ച തീതിയിലാണ് ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 16/18-19 തീയ്യതി 12.10.2020 ന് നൽകിയ മറുപടിയിൽ സാധനങ്ങൾ ഉത്ഘാടന സമാപന ചടങ്ങുകൾക്ക് ഉപയോഗിച്ചിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ സമാപന ചടങ്ങ് നടത്തിയതിന്റെ യാതൊരു വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മറുപടിയുടെ ഭാഗമായി അത്തരം രേഖകൾ ഒന്നും ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ പ്രസ്തുത ബില്ലിൽ നിന്നുള്ളചെലവ് ₹3550 തടസ്സപ്പെടുത്തുന്നു.

## 1-27 ഫർണിച്ചറുകളുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയില്ല.₹3540 തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് -85/19 ഒന്നാം ക്ലാസ് ഒന്നാം തരം

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ- 4,00,000( വികസന ഫണ്ട്) , 50,000 (ബ്ലോക്ക് വിഹിതം), 71,000(ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ - 5,21,000

ബിൽ നമ്പർ - 18220652010701503910/23-3-19 ₹ 82,210

ചെക്ക് നമ്പർ - 0413362/23.03.2019 ₹1,21,000

ഒന്നാം ക്ലാസ് ഒന്നാം തരം എന്ന പ്രോജക്റ്റിന്റെ ഭാഗമായി ലിയോ ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും ₹203210 ന്റെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. അവയിൽ ഇൻവോയ്സ് നമ്പർ - 168/19.03.2019 പ്രകാരം ₹8850 ന് 5 എണ്ണം സ്റ്റീൽ ടേബിൾ വാങ്ങിയിട്ടുണ്ട്. അവ താഴെ വിവരിക്കും പ്രകാരമാണ് സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

1) ഗവൺമെന്റ് എൽ പി സ്കൂൾ , കാവുംപടി- 1

2)ഗവൺമെന്റ് എൽ പി സ്കൂൾ , പെരിങ്ങനം- 1

3)ഗവൺമെന്റ് യു പി സ്കൂൾ , തില്ലങ്കേരി- 1

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ആകെ 3 എണ്ണം മാത്രമേ സ്കൂളുകൾക്ക് വിതരണം നടത്തിയിട്ടുള്ളൂ. ഹെഡ്മാസ്റ്റർക്കുനൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ - 15/18-19 തീയ്യതി 12.10.2020 ന് നല്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി അറിയിച്ചെങ്കിലും 3 എണ്ണം വിതരണം ചെയ്തതിന്റെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ 2 എണ്ണത്തിന്റെ വിലയായ ₹3540 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികൾ - നടപടി ക്രമങ്ങൾ

# പാലിക്കുന്നതിൽ വീഴ്ച - ₹439676/- തടസ്സപ്പെടുത്തുന്നു

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയപ്പോൾ 2012-ലെ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നം | 113/19 |
| പ്രോജക്ടിന്റെ പേര് | പള്ള്യം വട്ടപ്പറമ്പ് റോഡ് ടാറിംഗ് |
| കരാറുകാരൻ | സിജു.എം |
| അടങ്കൽ | 250000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ആകെ ചെലവ് | 218443/- (ബിൽ നം.22/08.10.2018 ) |
| ആകെ പ്രവൃത്തിമൂല്യം | 218443/- |
| കരാർ തുക ,കരാർ തീയ്യതി | 249646/- തീ.17.01.2017 |
| അനുവദിച്ച സമയം | കരാറിൽ രേഖപ്പെടുത്തിയിട്ടില്ല |
| പൂർത്തീകരിച്ച തീയ്യതി | 28.05.2018 |
| എൻക്വയറി നം.തീ. | 17/13-10-2020 |

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 ലും 2017-18 ലും പൂർത്തിയാക്കാതെ 2018-19വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയതാണ് മേൽ പ്രവൃത്തി.എന്നാൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന ന്യൂനതകൾ സംഭവിച്ചിട്ടുണ്ട്.

ജി.ഒ(പി)നം.13/2012/പി.ഡബ്ള്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25%-ന് കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്.എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് പ്രവൃത്തി നിർവ്വഹണം നടത്തിയത്.04.01.2017 തീയ്യതിയിൽ പഞ്ചായത്ത് ടെണ്ടർ അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കരാറുകാരന് സ്ഥലം കൈമാറിയതായ രേഖ ഇല്ല.താരതമ്യേന ചെറിയ അടങ്കലുള്ള ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ 16 മാസത്തിലധികം എടുത്തിട്ടും

കാലതാമസം വന്നതിന് നിയമാനുസൃത പിഴ ചുമത്താത്തതിന്റെ കാരണം വ്യക്തമല്ല. വർക്ക് ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

2.

| | |
|---|---|
| പ്രോജക്റ്റ് നം | 122/19 |
| പ്രോജക്ടിന്റെ പേര് | പടിക്കച്ചാൽ സ്കൂൾ അറ്റകുറ്റപണി |
| കരാറുകാരൻ | പ്രകാശ്. പി.എസ് |
| അടങ്കൽ | 500000/-<br>(മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് തുക | 221233/-( ബിൽ നം.25/31.12.2018 )ഫൈനൽ ബിൽ |
| ആകെ പ്രവൃത്തിമൂല്യം | 407533/- |
| കരാർ തുക ,കരാർ തീയ്യതി | 423996/- തീ.18.12.2017 |
| അനുവദിച്ച സമയം | 17.03.2018 വരെ 3 മാസം |
| പൂർത്തീകരിച്ച തീയ്യതി | 25.05.2018 |
| എൻക്വയറി നമ്പർ / തീയതി | 17/13-10-2020 |

മേൽ പ്രവൃത്തിയുടെ പാർട്ട് ബില്ല് 2017-18 വർഷം നൽകിയിട്ടുണ്ട്. കാലതാമസം വന്നതിനാൽ 2018-19 വർഷവും പ്രവൃത്തി തുടർന്നു. എന്നാൽ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സമയപരിധിക്കുള്ളിൽ രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം വന്നതിന് നിയമാനുസൃത പിഴ ചുമത്തിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം പ്രവൃത്തി നടന്ന സമയത്ത് ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുകയുണ്ടായി.നിയമാനുസൃത പിഴ ഈടാക്കാതെ കരാറുകാരന് അനുവദിച്ചതിനാൽ ഓഡിറ്റ് വർഷം ചെലവഴിച്ച 439676/-(218443+221233) തടസ്സപ്പെടുത്തുന്നു.

# 1-29 കരാർ വെക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 134/19 |
| പ്രോജക്ടിന്റെ പേര് | തില്ലങ്കേരി കുടുംബാരോഗ്യകേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം |
| | |

| | |
|---|---|
| കരാറുകാരൻ | ചന്ദ്രൻ.കെ |
| കരാർ തുക | 404998/- |
| ചെലവ് തുക (ഭാഗികം) | 78388/-(ബിൽ നം.40/27.03.2019 ) ക്യു ബിൽ |
| ആകെ പ്രവൃത്തിമൂല്യം | 405315/- |
| കരാർ തീയ്യതി | തീ.01.11.2018 |
| എൻക്വയറി നം.തീ. | 17/13-10-2020 |

ജി.ഒ(പി)നം.13/2012/പി.ഡബ്ള്യൂ.ഡി/തീയതി 01-02-2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞാൽ കരാർ ഉടമ്പടി വെക്കാത്ത പക്ഷം PAC യുടെ 1% പിഴ ഈടാക്കി (മിനിമം 1000/-രൂപയും, മാക്സിമം 25000/-രൂപയും) കരാറുടമ്പടി വെക്കാം. അല്ലാത്ത പക്ഷം കരാർ റദ്ദാക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയത്.

മേൽ പ്രവൃത്തിയുടെ കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയപ്പോൾ ഒരാഴ്ചക്കകം (12.10.2018 തീയ്യതിക്കുമുമ്പ് ) 400/-രൂപയുടെ മുദ്രക്കടലാസിൽ കരാർ വെക്കാനും 1% പിഴയോടെ 27.10.2018 തീയ്യതിവരെ കരാർ വെക്കാൻ സമയം അനുവദിക്കുകയുമാണുണ്ടായത്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത ചന്ദ്രൻ എന്ന കരാറുകാരൻ കരാർ വെച്ചത് 200/-രൂപയുടെ മുദ്രപത്രത്തിൽ 01.11.2018 തീയ്യതിയിലാണ്. കാലതാമസത്തിന് നിയമാനുസൃത പിഴ 1% ഈടാക്കാതെയാണ് ബില്ല് തയ്യാറാക്കിയത്. 405315/- പ്രവൃത്തിമൂല്യം കണക്കാക്കിയ പ്രവൃത്തി 2018-19 വർഷം പൂർത്തിയായെങ്കിലും ലഭ്യമായ ഫണ്ടിൽ പരിമിതപ്പെടുത്തി തൻവർഷം 78388/-രൂപയുടെ ബില്ല് സമർപ്പിച്ചെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ ട്രഷറിയിൽ നിന്നും മാറാൻ സാധിച്ചിട്ടില്ല. (ക്യൂബില്ലിൽ ഉൾപ്പെട്ടു.) കരാർ വെക്കാൻ വൈകിയതിനാൽ 4050/-രൂപ പിഴ ഈടാക്കിയും മുദ്രപത്രത്തിൽ കുറവ് വന്ന 200/-രൂപ സർക്കാറിലേക്ക് ഒടുക്കിയും വിവരം അറിയിക്കേണ്ടതാണ്.

# 1-30 ചെലവ് രേഖകൾ ഹാജരാക്കാതെ കൺവീനർക്ക് തുക നൽകി - 67579/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം | 132/19 |
| പ്രോജക്ടിന്റെ പേര് | തില്ലങ്കേരി ജി.യു.പി സ്കൂൾ അറ്റകുറ്റപണിയും പെയിന്റിംഗും |
| കൺവീനർ | സജീവൻ.കെ.സി (പി.ടി.എ.കമ്മിറ്റി) |
| അടങ്കൽ | 70000/- |

| | |
|---|---|
| | (മെയിന്റനൻസ് ഫണ്ട് ) |
| ചെലവ് തുക | 67579/- (ബിൽ നം.13/31.07.2018) ഫൈനൽ ബിൽ |
| ആകെ പ്രവൃത്തിമൂല്യം | 67579/- |
| കരാർ തീയ്യതി | തീ.30.05.2018 |
| എൻക്വയറി നം.തീ. | 18/13-10-2020 |

ഗുണഭോക്തൃ കമ്മിറ്റി (പി.ടി.എ) മുഖേനയാണ് മേൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. തില്ലങ്കേരി ജി.യു.പി സ്കൂൾ അറ്റകുറ്റപണിയും (ഷീറ്റ് സ്ഥാപിക്കൽ) പെയിന്റിംഗുമാണ് പ്രവൃത്തി.പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ ഒന്നും ഇല്ല. ഷീറ്റ്, കമ്പി, പട്ട, മറ്റ് പെയിന്റ് സാധനങ്ങൾ എന്നിവ വാങ്ങിച്ച തിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. മസ്റ്റർ റോൾ സൂക്ഷിച്ചതായി കാണുന്നില്ല. സമിതി ഹാജരാക്കിയ മിനിട്സിൽ വരവ് ചെലവ് കണക്കുകൽ അംഗീകരിച്ചതായി പറയുന്നില്ല. ഇവയൊന്നും പരിശോധിക്കാതെ ഭാഗികമായ രേഖകളുടെ അടിസ്ഥാനത്തിൽ കൺവീനർക്ക് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം പ്രവൃത്തിയുടെ കൺവീനറെ അറിയിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കു കയുണ്ടായി. ഇക്കാരണത്താൽ ചെലവഴിച്ച 67579/- തടസ്സപ്പെടുത്തുന്നു.

# 1-31 പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ- പിഎച്ച്സി

പ്രോജക്ട് നമ്പർ : 54/19

പ്രോജക്ടിന്റെ പേര് :ജനസൗഖ്യ പാലിയേറ്റീവ് പരിചരണ പരിപാടി

വകയിരുത്തിയ തുക : ₹406180 വികസന ഫണ്ട്

: ₹3,00,000 ജില്ലാപഞ്ചായത്ത് വിഹിതം

ആകെ : ₹706180

ചെലവ് തുക : ₹397819 വികസന ഫണ്ട്

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ഇപ്രകാരമുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ 2018 വർഷത്തെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചിരുതൈ എം | 498273696275 | 111660600235 (വിധവാ പെൻഷൻ) | 14.02.2018 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗ് നടത്താത്തതിനാൽ 8/19 മുതലുള്ള തുക തടഞ്ഞുവെച്ചിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |
| 2 | വി കെ മൂസ്സ | 708581454354 | 111660200497 (വാർധക്യകാല പെൻഷൻ) | 10.04.2018 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. |
| 3 | ഭവാനി എം | 269262576817 | 111660500012 (50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ) | 19.09.2018 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ആണ്. |
| 4 | കദീസുമ്മ ചോലയിൽ | 318333682071 | 111660200509 (വാർധക്യകാല പെൻഷൻ) | 25.11.2018 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗ് നടത്താത്തതിനാൽ 8/19 മുതലുള്ള തുക തടഞ്ഞുവെച്ചിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് ആക്റ്റീവ് ആണ്. |
| 5 | കെ ആയിസുമ്മ | 645056031453 | 111660400083 (ഡിസ്എബിലിറ്റി പെൻഷൻ) | 10.11.2018 | പെൻഷൻ സ്റ്റാറ്റസ് ആക്റ്റീവ് ആണ്.ഡയരക്ട് ടു ഹോം ആയതിനാൽ ആഗസ്റ്റ് 2018 മുതൽ തുക കൈമാറിയിട്ടില്ല. |

ഇതു കൂടാതെ തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നിലവിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. .

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| ബി കെ അസീസ് | 399354137250 | 111600400106 (ഡിസ്എബിലിറ്റി പെൻഷൻ) | 01.11.2018 | പെൻഷൻ സ്റ്റാറ്റസ് ആക്റ്റീവ് ആണ്.ഡയരക്ട് ടു ഹോം ആയതിനാൽ ആഗസ്റ്റ് 2018 തുക കൈമാറിയിട്ടില്ല. |
| എ. | 486444381353 | 111670100884 | 15.08.2018 | കൂടാളി |

| | | | | |
|---|---|---|---|---|
| കമലാക്ഷി | | | | ഗ്രാമപഞ്ചായത്തിലെ പെൻഷനർ ആണ്.7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. മസ്റ്ററിംഗ് നടത്താത്തതിനാൽ 8/19 മുതലുള്ള തുക തടഞ്ഞുവെച്ചിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |

അതുപോലെ ഈപഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റുവർ മരണപ്പെടുന്നത് മറ്റ് സ്ഥലങ്ങളിൽ ആണെങ്കിൽ ആ വിവരം ഈ പഞ്ചായത്തിൽ അറിയിക്കേണ്ടതായുണ്ട്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (25/14.10.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന, മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

<u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26-06-19 മുതൽ 27-06-19 വരെ | കെ.എസ്.എ./കെ.എൻ. ആർ/സി.10/1319/2019. തീയതി: 14.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 595000 | തരിശ് രഹിത ഗ്രാമം -നെൽ കൃഷി വികസനം | 595000 | 0 |
| | 200000 | ക്ഷീര കർഷകർക്ക് പാൽ ഉല്പാദന ഇൻസെന്റീവ് | 200000 | 0 |
| | 1165500 | ലൈഫ് ഭവന നിർമ്മാണം | 1165500 | 0 |
| | 80000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 80000 | 0 |
| | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| | 892474 | ശ്മശാന നിർമ്മാണം | 82000 | 810474 |
| | | | | |

| | | | | |
|---|---|---|---|---|
| | 50000 | ഒന്നാം ക്ലാസ്സ് ഒന്നാംതരം | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | | | | |
| | 132600 | തരിശ് രഹിത ഗ്രാമം - കിഴങ്ങ് വർഗ്ഗവിള വിത്ത് വിതരണം | 132525 | 75 |
| | 400000 | ക്ഷീര കർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് | 386515 | 13485 |
| | 300000 | ജനസൗഖ്യ പാലിയേറ്റീവ് കെയർ | 0 | 300000 |
| | 846650 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 846650 | 0 |
| | 139000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 139000 | 0 |
| | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| | 71000 | ഒന്നാം ക്ലാസ്സ് ഒന്നാംതരം | 71000 | 0 |

ഇതിൽ നെൽകൃഷി വികസനം, ബ്ലോക്ക് പഞ്ചായത്ത് വികസനം - തുക സുലേഖ കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7120000/- രൂപ വരവുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | GO(ms) 68/18/LSGD / Date: 18/05/2018 | 7120000 | ഇല്ല | 0 | 0 | 7120000/- |

നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.ആയത് പൊരുത്തപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2113/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 2-5 | 2113 | കെ.വി.ഹരിദാസ് (റിട്ട.അസി.എഞ്ചിനിയർ) | 118030400004/26.03.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | തുടരുന്നു. |
| | | | | | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47130053 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47631291 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 545258 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 913 | ശ്രീമതി.അനുപമ കെ, കൃഷി ഓഫീസർ |
| 1-24 | 30000 | ശ്രീ.ശശിധരൻ, ഹെഡ് മാസ്റ്റർ |
| 1-26 | 3550 | ശ്രീ.ശശിധരൻ, ഹെഡ് മാസ്റ്റർ |
| 1-27 | 3540 | ശ്രീ.ശശിധരൻ, ഹെഡ് മാസ്റ്റർ |
| 1-28 | 218443 | ശ്രീ.ഇബിനു മസൂദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 221233 | ശ്രീമതി.സുജ ഐപ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 67579 | ശ്രീ.ഇബിനു മസൂദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 545258 | - |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനുപമ കെ,കൃഷി ഓഫീസർ | ജില്ല അഗ്രിക്കൾച്ചറൽ ഫാം, കോഴ പി .ഓ , കോട്ടയം | മുല്ലനാട്ടു ഹൌസ്, എടനാട് പി ഓ, പാല, കോട്ടയം 686514 |
| ശ്രീ.ഇബിനു മസൂദ്, അസിസ്റ്റന്റ് എഞ്ചിനീയർ | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് കണ്ണൂർ | പടിഞ്ഞാറ്റതിൽ ഹൌസ് മയ്യനാട്, കൊല്ലം |
| ശ്രീ.ശശിധരൻ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ ഗവ.യു.പി സ്കൂൾ മട്ടന്നൂർ | അനുഗ്രഹ, തെരൂർ, പാലയോട് |
| ശ്രീമതി സുജ എപ്പെ്പ്, അസി. എഞ്ചിനീയർ | പി.ഡബ്ല്യു.ഡി., കെ.എസ്.ടി.പി., പി.എം.ടി., തിരുവനന്തപുരം | ഓലങ്ങാട് പടൻ, തോട്ടാൻ, ഏറണാകുളം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 4 |
| 2008- | കെ.എസ്.എ./കെ.എൻ.ആർ./ | 3 |

| | | |
|---|---|---|
| 09 | സി.10/727/2019 തീ.04.06.2019 | |
| 2009-10 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 3 |
| 2010-11<br>2011-12 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 7 |
| 2012-13<br>2013-14 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 1 |
| 2014-15 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 4 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/727/2019 തീ.04.06.2019 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1642/2017 തീ.13.10.2017 | 4 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/636/2019 തീ.05.07.2019 | 5 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/885/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയതി: 18.11.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat |
| --- |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6774849.30 |
| Cash | Cash | RP-40(a) | 25852.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 421965.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 1387121.00 |
| 150000000 | Sale & Hire Charges | RP-5 | 137893.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 28407421.00 |
| 171000000 | Interest Earned | RP-9 | 136766.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7070948.00 |
| 350000000 | Other Liabilities | RP-36 | 102733.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2113.00 |
| 311000000 | Earmarked Funds | RP-29 | 20957.00 |
| 330000000 | Secured Loans | RP-32 | 7125609.00 |
| 340000000 | Deposits Received | RP-34 | 72070.00 |
| 350000000 | Other Liabilities | RP-36 | 88571.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2030196.00 |
| 460000000 | Loans, Advances and Deposits | RP-47 | 116190.00 |
| | Grand total | | 53930754.30 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2348292.00 |
| 220000000 | Administrative Expenses | RP-12 | 345418.00 |
| 230000000 | Operations & Maintenance | RP-13 | 455711.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3057853.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19641545.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 650830.00 |
| 253000000 | Decentralised Plan Programme- Projects not | RP-18 | 285314.00 |

| | | | |
|---|---|---|---|
| | included in Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 510748.00 |
| 255000000 | Maintenance Projects | RP-20 | 3993059.00 |
| 280000000 | Prior Period item | RP-26 | 84525.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 783142.00 |
| 350000000 | Other Liabilities | RP-36 | 3740034.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1994.00 |
| 311000000 | Earmarked Funds | RP-29 | 14000.00 |
| 340000000 | Deposits Received | RP-34 | 50600.00 |
| 350000000 | Other Liabilities | RP-36 | 1966360.00 |
| 410000000 | Fixed Assets | RP-38 | 7157145.00 |
| 412000000 | Capital work in Progress | RP-40 | 1424407.00 |
| 460000000 | Loans, Advances and Deposits | RP-47 | 1120314.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6227216.30 |
| Cash | Cash | RP-40(b) | 72247.00 |
| | Grand Total | | 53930754.30 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2008473.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 72500.00 |
| 140000000 | Fee & User Charges | I-4(b) | 1466221.00 |
| 150000000 | Sale & Hire Charges | I-5(b) | 137893.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 97854973.00 |
| 171000000 | Interest Earned | I-8 | 136766.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 2113.00 |
| | Total Income | | 101678939.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7853554.00 |
| 220000000 | Administrative Expenses | I-11(b) | 355418.00 |
| 230000000 | Operations & Maintenance | I-12(b) | 456128.00 |
| 240000000 | Interest & Finance Charges | I-13 | 1994.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3995353.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 46954438.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 787888.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 285314.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 29281048.00 |
| 255000000 | Maintenance Projects | I-14(e) | 3993059.00 |
| 272000000 | Depreciation | I-17(a) | 3972689.00 |
| | Total Expenditure | | 97936883.00 |
| | Gross Surplus/ Deficit of income over Expenditure | | 3742056.00 |
| 280000000 | Prior Period Item | I-18 | 132301.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3609755.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Thillankeri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -8175050.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 86660.00 |
| 312000000 | Reserves | B-3 | 35814403.00 |
| | Total Reserve & Surplus | | 27726012.80 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5253884.50 |
| | Total Grants, Contributions for Specific Purposes | | 5253884.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 7125609.00 |
| | Total Loans | | 7125609.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 415800.00 |
| 350000000 | Other Liabilities | B-9 | 583255.00 |
| | Total Current Liabilities and Provisions | | 999055.00 |
| | TOTAL LIABILITIES | | 41104561.30 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 45298857.00 |
| 411000000 | Accumulated Depreciation | B-11 | -12558663.00 |
| 412000000 | Capital Work in Progress | B-11(a) | 1424407.00 |
| | Total Fixed Assets | | 34164601.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1540.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6299463.30 |
| 460000000 | Loans, Advances and Deposits | B-18 | 638957.00 |
| | Total Current Assets, Loans and Advances | | 6939960.30 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 41104561.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.